"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദസഞ്ചാര വകുപ്പ്. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ടി. ഐ.എൽ.) - മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിലെ (CET) ആർക്കിടെക്ചർ & പ്ലാനിംഗ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. മനോജ് കുമാർ കെ- യുടെ അന്യത്രസേവനം അവസാനിപ്പിച്ച് വിടുതൽ ചെയ്തത് റദ്ദാക്കി - KTIL-ൽ മാനേജിംഗ് ഡയറക്ടറായി ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ തുടരാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര(ബി) വകുപ്പ്

സ.ഉ.(സാധാ) നം.192/2026/TSM തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. 04.11.2025 -ലെ സ.ഉ(സാ.ധാ)നം 666/2025/ടൂറിസം
2. 02.03.2026 -ലെ സ.ഉ(സാ.ധാ)നം 136/2026/ടൂറിസം
3. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടറായ ഡോ. മനോജ് കുമാർ കെ. യുടെ 11.03.2026 ലെ അപേക്ഷ

<u>ഉത്തരവ്</u>

പരാമർശം (2) പ്രകാരം , കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടറായി അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു പോരുന്ന തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിലെ ആർക്കിടെക്ചർ & പ്ലാനിംഗ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. മനോജ് കുമാർ കെ. യുടെ അന്യത്രസേവന കാലാവധി, 31.03.2026 തീയതി അപരാഹ്നത്തിൽ , അവസാനിപ്പിച്ച്, അദ്ദേഹത്തെ KTIL- ന്റെ മാനേജിംഗ് ഡയറക്ടർ സ്ഥാനത്തുനിന്നുള്ള ചുമതലകളിൽ നിന്ന് ഒഴിവാക്കി, വിടുതൽ ചെയ്ത് കൊണ്ടും, മാതൃവകുപ്പായ ഉന്നതവിദ്യാഭ്യാസ വകുപ്പിലേയ്ക്ക് തിരിച്ചയച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. **Central Project Review** യോഗം കൂടിയ വേളയിൽ KTIL-ന്റെ കീഴിലുള്ള നിലവിലുള്ള പദ്ധതികളുടെ നിരീക്ഷണവും അവലോകനവും നടത്താനുള്ള ചുമതല തനിക്കു നൽകപ്പെട്ടിട്ടുണ്ടെന്നും, പദ്ധതികളുടെ പദ്ധതികളുടെ പ്രാധാന്യവും ഗൗരവവും പരിഗണിച്ച്, അവയുടെ ഫലപ്രദമായ നടപ്പാക്കലിനായി 15.12.2026 വരെ KTIL-ൽ മാനേജിംഗ് ഡയറക്ടറായി അന്യത്രസേവന വ്യവസ്ഥയിൽ തുടരാൻ അനുവദിക്കണമെന്നും പരാമർശം(3) പ്രകാരം ഡോ. മനോജ് കുമാർ അപേക്ഷിച്ചിരിക്കുന്നു.

3. സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഡോ. മനോജ് കുമാർ കെ- യുടെ അന്യത്രസേവനം 31.03.2026 മുതൽ അവസാനിപ്പിച്ച് വിടുതൽ ചെയ്ത പരാമർശം

(2) ഉത്തരവ് റദ്ദാക്കിക്കൊണ്ടും, പരാമർശം(1) പ്രകാരം ദീർഘിപ്പിച്ച നൽകിയിരുന്ന അന്യത്രസേവനകാലാവധി അവസാനിക്കുന്ന 15.12.2026 വരെ, ഡോ. മനോജ് കുമാർ കെ.-യെ , KTIL-ൽ മാനേജിംഗ് ഡയറക്ടറായി അന്യത്രസേവന വ്യവസ്ഥയിൽ, നിലവിലുള്ള ചട്ടങ്ങൾക്കും, നിബന്ധനകൾക്കും വിധേയമായി, തുടരാൻ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

1. ഡോ. മനോജ് കുമാർ കെ. മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഇൻഫ്രാസ് ട്രക്ചർ ലിമിറ്റഡ്,നാലാം നില, വിപഞ്ചിക ടവർ, 10ം 24./588(6, ഗവ.ഗസ്റ്റ് ഹൗസ് ജംഗ്ഷൻ, തൈക്കാട്, തിരുവനന്തപുരം- 695014
2. ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
3. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
4. കേരള ടൂറിസം ഇൻഫ്രാസ് ട്രക് ചർ ലിമിറ്റഡിലെ എല്ലാ ഡയറക്ടർമാർക്കും മാനേജിംഗ് ഡയറക്ടർ, കെ.ടി. ഐ.എൽ മുഖേന
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II), കേരള, തിരുവനന്തപുരം
6. ധനകാര്യ വകുപ്പ്
7. ഉന്നതവിദ്യാഭ്യാസ (ജി) വകുപ്പ്
8. വിവര പൊതുജന സമ്പർക്ക വകുപ്പ്
9. കരുതൽ ഫയൽ. ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 13-03-2026 13:20:04
സെക്ഷൻ ഓഫീസർ

പകർപ്പ്.-
ബഹു. വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി 2-49-20 102401
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്